## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

കെട്ടിട നികുതി നിർണ്ണയം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1784** **05.12.14- ൽ മറുപടി നൽ കേണ്ടത്.**

| | ചോദ്യം<br>ശ്രീ.എം.എ .ബേബി | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | കെട്ടിട നികുതി നിർണയത്തിനുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇത് സംബന്ധമായി ഏറ്റവും ഒടുവിൽ വരുത്തിയ മാറ്റം വിശദമാക്കാമോ; നിരക്കുകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമുള്ള മാറ്റമാണ് വരുത്തിയിട്ടുള്ളത്? | (എ) | വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചിരുന്നതിനു പകരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാക്കി നികുതി നിർണ്ണയിക്കുന്ന രീതിയാണ് നിലവിലുള്ളത്. കെട്ടിടങ്ങളുടെ ഉപയോഗരീതിക്കനുസൃതമായി ഓരോ ഇനം കെട്ടിടത്തിന്റേയും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും, കൂടിയതുമായ പരിധികൾക്ക് വിധേയമായി പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ച് നികുതി നിർണ്ണയം നടത്തുന്ന രീതിയാണ് നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത അടിസ്ഥാനനിരക്കുകളിന്മേൽ |

| | | | |
|---|---|---|---|
| | | | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത, കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി, എയർ കണ്ടീഷനിംഗ് സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട നിരക്കിൽ വർദ്ധനവും / ഇളവും അനുവദിക്കുന്നു. ഇതിനനുസൃതമായി 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 14/01/2011-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന്, 13/03/2013-ലെ സ.ഉ(പി) നമ്പർ 88/2013/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും സംബന്ധിച്ച മാനദണ്ഡങ്ങളിലും, ഫാറങ്ങളിലും ഉൾ പ്പെടെ പ്രസ്തുത ചട്ടത്തിന് ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതുപോലെ, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും ഭേദഗതി വരുത്തി 15/03/2013-ലെ സ.ഉ(അ)നമ്പർ 100/13/തസ്വഭവ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(അ) 19/2011/തസ്വഭവ തീയതി 14/01/2011-ലെ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലും സ.ഉ(അ) 17/2011/തസ്വഭവ തീയതി 14/01/2011-ഉത്തരവ് പ്രകാരം നഗരസഭകളിലും, കോർപ്പറേഷനുകളിലും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകളിലെ ഏറ്റവും കുറഞ്ഞ നിരക്കിനും ഏറ്റവും കൂടിയ നിരക്കിനും വിധേയമായി അതാത് പഞ്ചായത്ത് / നഗരസഭാ കൗൺസിലുകൾ നിശ്ചയിക്കുന്ന നിരക്കുകൾക്കനുസൃതമായിട്ടാണ് വസ്തുനികുതി വസൂലാക്കുന്നത്. പ്രസ്തുത മിനിമം / മാക്സിമം നിരക്കുകളിൽ ഭേദഗതി വരുത്തിയിട്ടില്ല |

Vajeem

സെക്ഷൻ ഓഫീസർ